# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

### കണ്ണമംഗലം നോർത്ത് എൽ.പി.എസ്
### ചെട്ടികുളങ്ങര, മാവേലിക്കര

Kannamangalam North L.P.S. ★ Chettikulangara ★
Mavelikara
Date

JEMMA. P
Headmistress
Kannamangalam North L.P.S
Mavelikara Sub Dist.
PEN: 524229

“വിദ്യാധനം സർവ്വധനാൽ പ്രധാനം”

വിദ്യാലയത്തിന്റെ പേര് - കണ്ണമംഗലംനോർത്ത്.
എൽ.പി.എസ്
കണ്ണമംഗലം പിഒ, ചെട്ടികുളങ്ങര,
മാവേലിക്കര, 690106

| | | |
|---|---|---|
| സ്കൂൾകോഡ് | – | 36244 |
| ഡയസ്സ് പ്രകാരം | – | 0700305 |
| വിദ്യാഭ്യാസ ഉപജില്ല | – | മാവേലിക്കര |
| വിദ്യാഭ്യാസ ജില്ല | – | മാവേലിക്കര |
| റവന്യൂ ജില്ല | – | ആലപ്പുഴ |
| ബി.ആർ. സി | – | മാവേലിക്കര |
| സി . ആർ. സി | – | ജി .യു.പിഎസ്.കണ്ണമംഗലം |
| ഗ്രാമപഞ്ചായത്ത് | – | ചെട്ടികുളങ്ങര |
| ബ്ലോക്ക് പഞ്ചായത്ത് | – | മാവേലിക്കര |
| ജില്ലാ പഞ്ചായത്ത് | – | ആലപ്പുഴ |
| നിയമസഭാ മണ്ഡലം | – | കായംകുളം |
| ലോകസഭാ മണ്ഡലം | – | ആലപ്പുഴ |

# ആമുഖം

അക്ഷരം അറിവാണ്. അറിവ് വെളിച്ചവും. സ്വാമി വിവേകാ നന്ദന്റെ ഈ വാക്കുകൾ അജ്ഞതയുടെ അന്ധകാരം നിറഞ്ഞ ഈ ലോകത്തിന് നല്ല സന്ദേശമാണ് നൽകിയത്. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 6 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അടിസ്ഥാനവിദ്യാഭ്യാസം സൗജന്യവും നിർബന്ധവും ആക്കുന്നതിനായി ഇൻഡ്യൻ പാർലമെന്റ് ആവിഷ്കരിച്ച നിയമമാണ് 2009ലെ വിദ്യാഭ്യാസ അവകാശനിയമം

ഈ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിക്കഴിഞ്ഞു. കുട്ടികളുടെ അവകാശങ്ങൾ നിർണ്ണയിക്കുകയും ലോകവ്യാപകമായി നടപ്പാക്കുകയും ചെയ്യുന്നതിന് യുനെസ്കോ മുൻകൈഎടുക്കുകയുണ്ടായി. ഇൻഡ്യയിൽ വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കിയത് ഒരു സുപ്രധാന നാഴികക്കല്ലായി കണക്കാക്കാം.

## ലക്ഷ്യം

**മലയാളം**

1. സ്കൂളിലെ മുഴുവൻകുട്ടികളും മലയാളം എഴുതാനും വായിക്കാനും പ്രാപ്തരാകുക
2. ഓരോ ക്ലാസ്സിനനുസരിച്ച് ഭാഷാവ്യവഹാരരൂപം കൈകാര്യം ചെയ്യാൻ കഴിവുള്ളവരാകുക
3. സഭാകമ്പം കൂടാതെ ഭാഷ പ്രയോഗിക്കാൻ പ്രാപ്തരാകുക.
4. കഥ, കവിത എന്നിവയിലുള്ള ആസ്വാദനശേഷി വർദ്ധിപ്പിക്കുക.
5. വായിച്ച ആശയങ്ങൾ മറ്റുള്ളവരുമായി സ്വതന്ത്രമായി പങ്കുവെക്കാനുള്ള ശേഷി.
6. കവികളെക്കുറിച്ചുള്ള ധാരണ ഉളവാക്കുക
7. കുട്ടികളുടെ കൈയെഴുത്ത് മാസിക പ്രകാശനം ചെയ്യിക്കുക

**ഇംഗ്ലീഷ്**

1. നാലാം ക്ലാസ്സ് കഴിയുന്നതോടെ സ്വന്തമായി വായിക്കാനും എഴുതാനും കഴിയുക.
2. വിവിധതരം ഡിസ്കോഴ്സുകൾ കൈകാര്യം ചെയ്യുവാൻ കഴിയുക.
3. കുട്ടികളെ ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കുക.

4. കുട്ടികൾ ഇംഗ്ലീഷ് ഡിക്ഷ്ണറി നിർമ്മിക്കുന്നതിലൂടെ പുതിയ പുതിയ വാക്കുകൾ മനസ്സിലാക്കുന്നു.

## പരിസരപഠനം

1 കേരളത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ എല്ലാ കുട്ടികളും നേടുക.

2. ശാസ്ത്രാഭിരുചി വളർത്തുക.

3. ശാസ്ത്രഉപകരണങ്ങൾ ഉപയോഗിച്ച് സ്വന്തമായി പരീക്ഷണങ്ങളിലേർപ്പെടുക.

4. ഒറ്റ മൂലികൾ പരിചയപ്പെടുന്നതിലൂടെ പാർശ്വഫലങ്ങളുള്ള ഇംഗ്ലീഷ് മരുന്നുകളെയും അവയുടെ ദൂഷ്യഫലങ്ങളേയുംകുറിച്ച് ബോധവാന്മാരാക്കുക.

5. ഓരോ ദിവസത്തിന്റേയും പ്രാധാന്യം തിരിച്ചറിയാൻ പ്രാപ്തരാക്കുക.

## ഗണിതം

1. നാലാം ക്ലാസ്സ് കഴിയുമ്പോഴേക്കും ചതുഷ്ക്രീയകളിൽ പ്രാവീണ്യം നേടുക

2. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്ത് പരിഹാരം കാണാൻപ്രാപ്തരാകുക.

3. ഊഹിച്ച് പറയുന്നതിനും മനക്കണക്കിനും പ്രാവീണ്യം നേടുക.

4. വിവിധ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിനും അവ ഉപയോഗിച്ച് വസ്തുക്കൾ ഉണ്ടാക്കുന്നതിനും പ്രാപ്തരാക്കുക.

5. വിവിധ പാറ്റേൺ നിർമ്മിക്കാൻ വൈഭവം നേടുക.

## ഹിന്ദി

1. നാലാം ക്ലാസ്സ് കഴിയുമ്പോഴേക്കും ഹിന്ദി എഴുതാനും വായിക്കാനും കഴിയുക.

## കലാകായികം ആരോഗ്യം പ്രവൃത്തി പരിചയം

1. **സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കുക**

2.... ആരോഗ്യമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുക

3. ശുചിത്വശീലം, അച്ചടക്കം, കൃത്യനിഷ്ഠ വ്യായാമം എന്നിവയും മൂല്യബോധവുമുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുക.

4. ഔഷധസസ്യങ്ങളെ പരിപാലിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുക.

# സ്കൂൾചരിത്രം

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ ചെട്ടികുളങ്ങര പഞ്ചായത്തിൽ കോള ശ്ശേരിൽ എന്ന ഒരു ഇടത്തരം നായർ തറവാട്ടിലെ മുതിർന്ന സഹോദരങ്ങളായിരുന്ന രാഘ വൻപിള്ള, ഗോപാലപിള്ള എന്നിവരായിരുന്നു സ്കൂൾ ആരംഭിച്ചത്. പത്താം തരം പാസ്സായ ഇരുവരും 1906 ൽ നിലത്തെഴുത്തു പഠിപ്പിക്കുന്ന ആശാൻ പള്ളിക്കൂടം എന്ന നിലക്കാണ് തുടങ്ങിയത്. എട്ട്, പത്ത് വർഷങ്ങൾക്കുശേഷം സർക്കാർ ജോലിക്കാരയതോടുകൂടി ഒന്നാം ക്ലാസ്സ് പഠിത്തം ആരംഭിക്കുകയും അഞ്ചാം ക്ലാസ്സ് വരെ എത്തിക്കുകയുമായിരുന്നു. ആദ്യ കാലത്തെ ആശാൻ ശ്രീ കേശവൻപിള്ള ആയിരുന്നു.

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽപ്പെട്ടകരകളിൽ വിദ്യാലയങ്ങൾ നിലവിലു ണ്ടായിരുന്ന സാഹചര്യത്തിലാണ് ആശാൻ പള്ളിക്കൂടം ലോവർപ്രൈമറിസ്കൂൾആയി രൂപംകൊണ്ടത്. അന്നത്തെ സാമൂഹിക അവസ്ഥയിൽ പള്ളിക്കൂടം സ്ഥാപിക്കലും നട ത്തിപ്പും ഒരു വരുമാന മാർഗ്ഗം എന്നതിലുപരി ഒരു സാമൂഹിക അന്തസ്സ്കൂടിയായിരുന്നു, പ്രത്യേകിച്ച് നായർ ക്രിസ്ത്യൻ സമൂഹങ്ങളിൽ.

സ്കൂൾ ആരംഭിച്ച സഹോദരങ്ങളിൽ ഗോപാലപിള്ള കൈതതെക്ക് ചാങ്കൂർസ്കൂളിൽ അദ്ധ്യാപകനാവുകയുണ്ടായി എന്ന് പറയപ്പെടുന്നു. രാഘവൻപിള്ളക്ക് എക്സൈസ് ഡിപ്പാർട്ട്മെന്റിൽ ജോലി കിട്ടുകയും ചെയ്തു. ജോലി സംബന്ധമായി ഇരു വരും സ്ഥലത്തില്ലാത്തവേളയിൽ സഹോദരിഭർത്താവായിരുന്ന ചാങ്കൂർ നീലകണ്ഠൻ പിള്ള മാനേജ്മെന്റിന്റെ ഭാഗമാവുകയുണ്ടായി.

കോളശ്ശേരിൽ കുടുംബം ഭാഗം വെച്ച് പിരിഞ്ഞതിനുശേഷം സ്കൂളും സ്ഥലവും ഓഹരിയുടമ വിൽക്കുകയുണ്ടായി. സ്കൂൾ നടത്തിക്കൊണ്ടുപോകുവാൻ കുടും ബത്തിൽപ്പെട്ട ആർക്കും താത്പര്യം ഇല്ലാതാവുകയും ഏകദേശം അയ്യായിരം രൂപയ്ക്ക് കൊല്ലം രൂപതയ്ക്ക് വിൽക്കുകയും ചെയ്തു.

1921ൽ കൊല്ലം രൂപതാമെത്രാൻ റൈറ്റ്. റവ. ഡോ. ജെറോം ഫെർണാന്റസ് ഈ സ്കൂൾ വിലയ്ക്കു വാങ്ങി. അതിനുശേഷം സ്കൂളിന്റെ ഭൗതികസാഹചര്യങ്ങളിൽ മാറ്റം വരുത്തി. അന്നു മുതൽ ഈ കാലയളവു വരെ ഈ സ്കൂൾ കൊല്ലം രൂപതയുടെ അധീനതയിൽ പ്രവർത്തിച്ചു വരുന്നു. കോളശ്ശേരിൽ സ്കൂൾ എന്ന ഈ സ്ഥാപനത്തിന്റെ നിലവിലുള്ള പേര് കണ്ണമംഗലം നോർത്ത് എൽ.പി.സ്കൂൾ എന്നാണ്.

ഈ സരസ്വതി ക്ഷേത്രത്തിൽ നിന്നും വിദ്യാഭ്യാസം നേടിയ നിരവധി പ്രമുഖ വ്യക്തികൾ സമൂഹത്തിലെ ഉന്നത സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. എടുത്തുപറയേണ്ട ചില രാണ് ചെട്ടികുളങ്ങര പഞ്ചായത്ത് അംഗമായി തെരഞ്ഞെടുക്കപ്പെടുകയും പഞ്ചായത്ത് പ്രസി ഡന്റായി സേവനം അനുഷ്ഠിക്കുകയും ചെയ്ത അഡ്വ. കന്നിമേൽ നാരായണൻ. അദ്ദേഹം കേരളസർക്കാരിന്റെ ലീഗൽഎയ്ഡ് റ്റു പുവർ പദ്ധതി പ്രകാരം പബ്ലിക്ക് കൗൺസിലറായും സഹകരണവകുപ്പിൽ ജോയിന്റ് രജിസ്ട്രാറായിട്ടും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ ഇതേ സ്കൂളിൽ പഠിച്ച കൃഷ്ണൻകുട്ടി ചീഫ്എൻജിനിയർ ആകുകയും വിശ്വനാഥൻ സബ്ജഡ്ജി ആകുകയും അദ്ദേഹത്തിന്റെ സഹോദരൻ സഹകരണവകുപ്പിൽ ഇന്നും അസി.

രജിസ്റ്റാറായി തുടരുകയും ചെയ്യുന്നു.

കൂടാതെ ഈ വിദ്യാലയത്തിൽനിന്നും പഠിച്ച് ഉന്നതസ്ഥാനങ്ങളിൽ എത്തിയ നിരവധി പ്രതിഭകൾ കണ്ണമംഗലം തെക്ക്, വടക്ക്, കടവൂർ, പേള എന്നീ കരകളിൽ ഉണ്ട്. അവരിൽ എടുത്തുപറയേണ്ടവർ കേണൽ രംഗനാഥ് ഈ വാർഡിനെ പ്രതിനിധീകരിച്ച് 16 വർഷം പഞ്ചായത്ത് അംഗമായി പ്രവർത്തിച്ചു. കളയ്ക്കാട്ട് രവീന്ദ്രൻ ചാന്നാർ (സംഗീതവിദ്വാൻ), പ്രഭാകരൻപിള്ള (നാദസ്വരവിദ്വാൻ), അന്തരിച്ച പൊന്നൻപിള്ള, കോളേജ്പ്രൊഫസർ. ഇവിടെയും പരിസരങ്ങളിലുമുള്ള ഒട്ടനവധി അദ്ധ്യാപകർ അവരിൽ അധികം പേരും അതേ സ്കൂളിൽ തന്നെ അദ്ധ്യാപനം നടത്തിയിട്ടുമുണ്ട്. എം എൽഎ ആയിരുന്ന ശ്രീ.ഗോപിനാഥൻപിള്ള ഈ സ്കൂളിലാണ് പഠിച്ചത്.

അഡ്വക്കേറ്റ്സ്, ഡോക്ടേഴ്സ്, അദ്ധ്യാപകർ, പോലീസ്, അങ്ങനെ ജീവിതത്തിന്റെ ഒട്ടനവധി വ്യത്യസ്തമേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച അനേകം ആളുകൾ ഈ സ്കൂളിന്റെ ശിഷ്യസമ്പത്തിലുണ്ട്. അമേരിക്ക, ഗൾഫ് രാജ്യങ്ങൾ എന്നിവിടെ സേവനം ചെയ്യുന്ന ഒരു വലിയ ശിഷ്യ സമ്പത്തുമുണ്ട്.

ഏകദേശം ഒരുഡസനിലധികം അദ്ധ്യാപകർ ഈ സ്കൂളിൽതന്നെ പഠിച്ച് പിന്നീട് ഇവിടെ അദ്ധ്യാപകവൃത്തിയിലേർപ്പെട്ടവർ കാലയവനികയിൽ മറഞ്ഞവരായിട്ടുണ്ട്.

ഒരു കാലഘട്ടത്തിൽ ഈ നാടിന്റെ ഐശ്വര്യപ്രതീകമായിരുന്നു ഈ സരസ്വതിക്ഷേത്രമെന്നത് ഇന്നും സമൂഹം ഓർക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
2. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് തുല്യ നീതി ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും തുല്യഅവസരം സൃഷ്ടിക്കൽ.
4. കലാ കായിക പ്രവൃത്തി പരിചയ സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ തുല്യപങ്കാളിത്തം ഉറപ്പാക്കൽ
5. അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്ലാസ്സ്മുറികൾ സജ്ജമാക്കൽ
6. ഓരോ ക്ലാസ്സിലും കുട്ടി നേടേണ്ട ശേഷികളും ധാരണകളും നേടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നു.
7. താൻ വസിക്കുന്ന ഭൂമിയെ കാത്ത് സൂക്ഷിക്കുന്നതിനും പരിസ്ഥിതിയെ മലിനപ്പെടുത്താതെ സംരക്ഷിക്കുന്നതിനും ഓരോ കുട്ടിയെ പ്രാപ്തരാക്കുക.
8. പെൺകുട്ടികൾക്കായ് ഗേൾസ് ഫ്രണ്ട്‌ലി ടോയലറ്റ് നിർമ്മിക്കൽ

ലഹരി വിമുക്ത പ്ലാസ്റ്റിക് വിമുക്ത സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കൽ

## നിലവിലെ അവസ്ഥ വിശകലനം

സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള മാതാപിതാക്കളുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഇംഗ്ലീഷ് മീഡിയത്തിന്റെ കടന്ന് കയറ്റവും ജനങ്ങൾക്ക് ഇംഗ്ലീഷ് മീഡിയത്തോടുള്ള അന്ധമായ ആരാധനയും കാരണം ഏതാനും വർഷങ്ങളായി കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് തലത്തിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചതിനാൽ കുട്ടികൾ കൂടിക്കൊണ്ടിരിക്കുന്നു. നിലവിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളാണ് ഉള്ളത് മൂന്ന് അദ്ധ്യാപകരും. ആദായകരമല്ലാത്തസ്കൂൾ എന്ന കാരണത്താൽ ഒരു അദ്ധ്യാപകതസ്തികയിൽ നിയമനം നടത്തുന്നതിന് കഴിയുന്നില്ല. പ്രൈമറി സ്കൂളിലെ പ്രഥമാദ്ധ്യാപികയക്ക് ഒരു ക്ലാസ്സിന്റെ ചാർജും സ്കൂളിന്റെ മറ്റ് ചുമതലകളും ഒന്നിച്ച് നിർവഹിക്കുന്നതിന് വളരെയധികം പ്രയാസംനേരിടുന്നതിനോടൊപ്പം കുട്ടികളുടെ പഠനപ്രവർത്തനത്തിനും സാരമായ തടസ്സം നേരിടുന്നു. ഒന്നാം ക്ലാസ്സ്ശ്രീമതി ജസ് ലെറ്റ്. എൻ ആന്റണിയും രണ്ടാം ക്ലാസ്സ് ശ്രീമതി ക്ലാര ജെസ്സിഫെർണാന്റസും ,മൂന്നാംക്ലാസ്സ് ശ്രീമതി ഷേർളി അഗസ്റ്റിനും, നാലാം ക്ലാസ്സ് മൂന്ന് പേരും കൂടി ചേർന്നുംപഠിപ്പിക്കുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങൾ ആഴ്ചയിലൊരിക്കൽ ചേരുന്ന എസ് ആർ ജിയിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നു.

സറ്റാഫ് റൂം ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നതിനാവശ്യമായ മുറികളോ ഫർണീച്ചറോ ഇല്ല. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാരകൾ ഇല്ല കൂടാതെ പഠനോപകരണങ്ങൾ സൂക്ഷിച്ചു വെയ്ക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഇല്ല. ശൗചായലം ആധുനീകരീതിയിലുള്ളതല്ല. ഉച്ചഭക്ഷണം കുട്ടികൾക്ക് കൊടുക്കുന്നതിനുള്ള ഊണ് മുറിയില്ല. ക്ലാസ്സ് മുറികൾ തമ്മിൽ മറയില്ലാത്തത് അച്ചടക്കത്തേയും ശ്രദ്ധയേയും ബാധിക്കുന്നു. ആകർഷകമായവിധത്തിൽ പൂന്തോട്ടം ചിൽഡ്രൻസ് പാർക്ക് ജൈവവൈവിദ്ധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

### പദ്ധതി രൂപീകരണ പ്രക്രീയ വിവിധഘട്ടങ്ങൾ

എസ് ആർ ജിയിൽ ചർച്ചചെയ്ത് വികസന ആവശ്യങ്ങളുടെ രൂപരേഖ തയാറാക്കൽ.പിന്നീട്
പിറ്റി എ എം പി റ്റി എ സ്കൂൾ വികസന സമിതി എന്നിവയിൽ ചർച്ച
ചെയ്തു. പി റ്റി എ യുടെയും എസ് ആർ ജിയുടെയും നേതൃത്വത്തിൽ തയാറാക്കൽ.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

വിദ്യാർത്ഥികളുടെ ജീവിതത്തിലെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസത്തിലൂടെ കൈവരിക്കേണ്ടത്. അതിന് തടസ്സമായി നിൽക്കുന്ന അനേകം കാര്യങ്ങളുണ്ട് . സ്കൂളിന്റെ ഭൗതീകവും, വിദ്യാഭ്യാസ,ആരോഗ്യ, സാമ്പത്തിക, പിന്നോക്കാവസ്ഥകളും മറ്റും പഠനസാഹചര്യങ്ങളെ തടസ്സപ്പെടുത്തുന്നു.

1906ൽ സ്ഥാപിതമായ സ്കൂൾ 112 വർഷം പിന്നിടുമ്പോൾ ഈ വിദ്യാലയമുത്തശ്ശിക്ക് നിരവധിയായ പ്രശ്നങ്ങളും വെല്ലുവിളികളുമുണ്ട്. ഏയ്ഡഡ്സ്കൂളായതിനാൽ ഗവൺമെന്റ് സ്കൂളുകൾക്ക് കിട്ടുന്ന മെച്ചപ്പെട്ട ഭൗതികനിലവാരം ലഭിക്കാത്തത് സ്കൂളിന്റെ നിലനിൽപ്പിനെതന്നെ സാരമായി ബാധിക്കുന്നു. കൂടാതെ കുട്ടികൾക്കാവശ്യമായ ബേബിബഞ്ച്, ഡസ്ക്ക്, പാർക്ക് ,ആധുനികരീതിയിലുള്ള അടുക്കള ഭിന്നനിലവാരക്കാർക്കുള്ള ശുചിമുറിസംവിധാനം എന്നിവ ഞങ്ങൾക്കും നൽകണം. കൂടാതെ ഗവൺമെന്റ് സ്കൂളിലെ കുട്ടികൾക്കായി ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയ പ്രഭാതഭക്ഷണം ഏയഡഡ് സക്ൂളിലെ കുട്ടികൾക്കും ലഭിക്കുന്നതിനാവശ്യമായ നടപടി എടുക്കണം. ഉച്ചഭക്ഷണപദ്ധതിക്ക് ഗവൺമെന്റ് അനുവദിച്ച എട്ട് രൂപ വളരെ കുറവായതിനാൽ മെച്ചപ്പെട്ടരീതിയിൽ പദ്ധതി നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടാണ്. സ്വന്തമായി വാഹനം സ്കൂളിന് ഇല്ലാത്തതും കുട്ടികൾ കുറയുന്നതിന് കാരണമായി. സ്കൂളിന് സമീപത്തുകൂടി ബസ്സ് സൗകര്യമില്ലാത്തതിനാൽ അദ്ധ്യാപകർക്ക് എത്തിച്ചേരുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭപ്പെടുന്നു. ക്ലാസ്സ് മുറികളിൽ ഐ സി റ്റി സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി ലാപ്പ്ടോപ്പുകൾ ആവശ്യമുണ്ട്. കൂടാതെ കലാ കായിക പ്രവർത്തിപരിചയമേഖലയിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കണം. ഭിന്ന നിലവാരക്കാർക്കായുള്ള ശുചിമുറികൾ നിർമ്മിക്കണം. കൂടാതെ കുട്ടികളെ വേണ്ടവിധത്തിൽ പരിശീലിപ്പിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ടസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും രക്ഷാകർത്താക്കൾക്ക് ബോധവത്കരണക്ലാസ്സുകൾനൽകണം. കൃഷിചെയ്യാനുള്ള സാമ്പത്തികസഹായം ലഭ്യമാക്കണം.

കുട്ടികളെ യാതൊരു തരത്തിലും ശിക്ഷിക്കരുതെന്ന ആധുനിക നിയമം കുട്ടികളെ വളരെ പിന്നോട്ട് കൊണ്ടു പോകുന്നു. എല്ലാ ഭാഗത്തു നിന്നും കുട്ടികൾക്ക് അമിത പ്രാധാന്യമാണ് നിയമത്തിലൂടെ ലഭിക്കുന്നത്. അദ്ധ്യാപകർക്ക് നേരെ തിരിച്ചും ഇതിന്റെ ഫലമോ വിദ്യാഭ്യാസം കേവലം ഒരു കടമയായി നിറവേറ്റപ്പെടുന്നുവോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. മാതൃകാപരമായ ശിക്ഷണ നടപടികൾ കുട്ടികളെ മെച്ചപ്പെടുത്തുവാൻ സഹായിക്കും എന്നാണ് പൊതു അഭിപ്രായം. അദ്ധ്യാപകർക്ക് നന്നായി ക്ലാസ്സുകൾ എടുക്കുന്നതിനനുകൂലമായ സാഹചര്യങ്ങൾ സ്കൂളുകളിൽ സംജാതമാകണം.

ഇത്തരത്തിൽ സ്കൂളിന്റെ വിവിധ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുമ്പോൾ സ്കൂൾ അന്തരീക്ഷം മാതൃകാപരമായിത്തീരും.

# അഡ്മിഷൻ വിവരങ്ങൾ

| വർഷം | 1 | II | III | IV | Total |
|---|---|---|---|---|---|
| 2008-09 | 7 | 6 | 13 | 11 | 37 |
| 2009-10 | 2 | 7 | 6 | 4 | 29 |
| 2010-11 | 4 | 2 | 7 | 7 | 20 |
| 2011- 12 | 4 | 4 | 2 | 7 | 17 |
| 2012 -13 | 1 | 3 | 3 | 2 | 9 |
| 2013 -14 | 2 | 1 | 3 | 3 | 9 |
| 2014-15 | 1 | 2 | 2 | 1 | 6 |
| 2015-2016 | 2 | 2 | 2 | 2 | 8 |
| 2017-18 | 4 | 1 | 2 | 2 | 9 |
| | | | | | |

## 2017 -18 ലെ കുട്ടികൾ സാമൂഹിക വിഭാഗം തിരിച്ച്

| ക്ലാസ്സ് | ആൺ | പെൺ | ആകെ | പട്ടികജാതി | പട്ടികവർഗ്ഗം | ഒ.ബി.സി. | ഒ.ഇ.സി | പൊതുവിഭാഗം |
|---|---|---|---|---|---|---|---|---|
| I | 1 | 3 | 4 | 2 | -- | 1 | 1 | — |
| II | — | 1 | 1 | — | — | — | — | 1 |
| III | 2 | — | 2 | — | — | 1 | — | 1 |
| IV | 2 | — | 2 | 1 | — | 1 | — | — |
| | 5 | 4 | 9 | 3 | — | 3 | 1 | 2 |

C W S N

വിഭാഗത്തിൽ കുട്ടികൾ ഇല്ല

# പരീക്ഷാവിശകലനം

| STD | TOTAL | മലയാളം | | | | ഗണിതം | | | | E V S | | | | English | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | A | B | C | D | A | B | C | D | A | B | C | D | A | B | C | D |
| I | 4 | 3 | 1 | | | 2 | 2 | - | - | 3 | 1 | | | 3 | 1 | | |
| II | 1 | 1 | - | - | - | 1 | - | | | 1 | | | | 1 | | | |
| III | 2 | 2 | | | | 2 | | | | 2 | | | | 2 | | | |
| IV | 2 | 1 | 1 | | | 2 | | | | 1 | 1 | | | 1 | 1 | | |

## പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | മനഃപാഠമാക്കൽ | ദീർഘകാലം | 1-4 | ചതുഷ് ക്രീയകൾ നിഷ്പ്രയാസം ചെയ്യുന്നതിന് സാധിക്കുക |
| 2 | ദിനാചരണം | ദീർഘകാലം | 1-4 | ഓരോ ദിവസത്തിന്റെയും പ്രാധാന്യം തിരിച്ചറിയുന്നു |
| 3 | നാട്ടറിവ് | ദീർഘകാലം | 3-4 | പാർശ്വഫലങ്ങലില്ലാത്ത നാട്ടുമരുന്നുകളെ ഉപയോഗിക്കാൻ പ്രാപ്തരാക്കുക |
| 4 | ഹെൽത്ത് ഈസ് വെൽത്ത് | ദീർഘകാലം | 1-4 | വ്യായാമം ചെയ്യേണ്ടതിന്റെ ആവശ്യകത കുട്ടികൾ തിരിച്ചറിയുന്നു |
| 5 | സ്കൂൾ അസംബ്ളി | ദീർഘകാലം | 1-4 | സഭാകമ്പം കൂടാതെ ഭാവനയെ ഉപയോഗിക്കാൻ അവസരം ഒരുക്കുക |
| 6 | സ്കൂൾലൈബ്രറി | ദീർഘകാലം | 1-4 | കുട്ടികളിൽ വായനാ ശീലം വളർത്തുകയും വായിച്ച കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുകയും ചെയ്യുന്നു |

## പ്രവർത്തനങ്ങൾ വിശദമായി

7 **നഴ്സറിക്ലാസ്സുകൾ** -

അടുത്ത അദ്ധ്യയന വർഷം മുതൽ കുട്ടികളെ സ്കൂളിലേക്കാകർഷിക്കുന്നതിനായി നഴ്സറി ക്ലാസ്സുകൾ ആരംഭിക്കും.

8 **ഉച്ചഭക്ഷണപദ്ധതി കാര്യക്ഷമമാക്കാൻ** - നിലവിലുള്ള ഫണ്ട് ഉച്ചഭക്ഷണ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് മതിയാകാത്തതിനാൽ പി.ടി.എയുടേയും എസ്.എസ് ജി അംഗങ്ങളുടേയും സഹായത്തോടെ പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ലഭ്യമാക്കും

9 **ഭൗതീകം** -

**മാറ്റാവുന്ന ഇട ഭിത്തി** -

പഠനത്തിൽ ഏകാഗ്രത ഉണ്ടാക്കുന്നതിനായി മാറ്റാവുന്ന ഇടഭിത്തി ഉപയോഗിച്ച് ക്ലാസ്സ് മുറി തിരിക്കുന്നതിന് ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ഫണ്ട് ആവശ്യപ്പെടും.

10 **ക്ലാസ്സ് പി.ടി.എ സജീവമാക്കുക**

കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ ക്ലാസ്സ് ടീച്ചർമാരും ക്ലാസ്സ് പി.ടി,എ കൃത്യമായി ചേർന്ന് പഠനപുരോഗതി പരിശോധിച്ച് മികവുകൾ അവതരിപ്പിക്കുന്നു

11 **വായനക്കൂട്ടം**

വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകുന്നതുവഴി വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കു വെയ്ക്കാൻ സാധിക്കുന്നു

12 **രക്ഷിതാക്കൾക്ക് ഇ-സാക്ഷരത-**

വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കലിന്റെ ഭാഗമായി വൈകുന്നേരങ്ങളിൽ / അവധിദിവസങ്ങളിൽ ആഴ്ചയിലൊരു ദിവസം അമ്മമാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നു

13 **ചിത്രരചനാക്കളരി**

ചിത്രരചനയിൽ പ്രാവീണ്യം നേടാൻ മധ്യവേനലവധിക്കാലത്ത് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം നടത്തുന്നു.

14 **പരിഹാരബോധനം**

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായ് അധികസമയം കണ്ടെത്തി അദ്ധ്യാപകർ പ്രത്യേകം പരിശീലനം നൽകുന്നു.

15 **ആധുനികസൗകര്യങ്ങളോടുകൂടിയ ടോയ്ലറ്റ്**

ഭിന്നശേഷിക്കാർക്കായ് ആധുനിക സൗകര്യങ്ങളോടു കൂടിയ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ സഹായം തേടും.

16 **സ്റ്റാഫ് റൂം ലൈബ്രറി**

സ്റ്റാഫ് റൂം , ലൈബ്രറി ,എന്നിവ സജ്ജീകരിക്കുന്നതിനാവശ്യമായ ഫർണീച്ചർ നിർമ്മിക്കുന്നതിന് എം എൽ എ ഫണ്ടിൽ നിന്നും സഹായം തേടും.

17 **ഊണ് മുറി**

കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായി പ്രത്യേകസംവിധാനമില്ല. ഊണ് മുറി നിർമ്മിക്കുന്നതിനായി എം എൽ എ ഫണ്ടിൽ നിന്നും സഹായം തേടും.

18 **ബേബി ബഞ്ചും ഡസ്കും**

വിദ്യാലയ അന്തരീക്ഷം കുട്ടികൾക്ക് കൂടുതൽ ഇഷ്ടമുള്ളതാക്കാൻ ആകർഷകമായ ഇരിപ്പിട സൗകര്യമൊരുക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും സഹായം തേടും.

**മോണിട്ടറിംഗ് രീതി-**

1. ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സകൂൾതലം മുതൽ ശക്തമാക്കുന്നു.

2. സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, മാനേജ്മെന്റ് എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം)

3. ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്,ആർ.ജി കൺവീനർ, പി. ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായികൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുക്കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം . അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

നമ്മുടെ പൊതുവിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പരിധിവരെ സഹായിക്കുമെന്നു കരുതുന്നു. ഈ പ്രക്രിയയിൽ വിദ്യാഭ്യാസ വകുപ്പും മാനേജുമെന്റും മറ്റ് സാമൂഹിക സാംസ്ക്കാരിക നായകൻമാരും അദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തു ചേർന്ന് ഒരേമനസ്സോടെ പ്രവർത്തിച്ചാൽ ഈ സംരംഭം വിജയത്തിലെത്തിക്കാൻ കഴിയും. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനത്തെ ഇത്തരത്തിൽ ഉയർത്തുമ്പോൾ ഒരു തലമുറയെത്തന്നെയാണ് നാം ഉയർത്തുന്നത് എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ മാസ്റ്റർപ്ലാൻ ഇവിടെ പൂർണ്ണമാക്കട്ടെ.

## നന്ദിയുടെ ഒരു വാക്ക്

വരും വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി. ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഞങ്ങളോട് സഹകരിച്ച ചെട്ടികുളങ്ങര മുൻപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കന്നിമേൽ നാരായണൻ, വാർഡ് മെമ്പർ ശ്രീമതി.രമാദേവി പി.ടി.എ പ്രസിഡന്റ് ശ്രീമതി ഉമാ അനിൽ പ്രത്യേകിച്ച് പി ടി എ അംഗം ശ്രീമാൻ മണിക്കുട്ടൻ സജി,അദ്ധ്യാപികമാരായ ശ്രീമതി ക്ലാരാ ജസിഫെർണാന്റസ്, ശ്രീമതി ജെസ്ലെറ്റ് എൻ.ആന്റണി, മറ്റ് പി.ടി.എ അംഗങ്ങൾ എസ്.എസ്.ജി അംഗങ്ങൾ ഇവരോടുള്ള നന്ദി അറിയിച്ചുകൊണ്ട് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു

ഷേർളി അഗസ്റ്റിൻ

**ഹെഡ്മിസ്ട്രസ്സ്**